# STD - VII

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത് യേശു സമഗ്രവിമോചകൻ ഭാഗം - ഒന്ന്

### ലക്ഷ്യം

യേശു തന്റെ ജീവിതംകൊണ്ട് മനുഷ്യന്റെ സമ്പൂർണ മോചനത്തിന്റെ മാർഗ്ഗം കാണിച്ചുതന്നു. യേശുവിന്റെ വഴി എന്റെയും വഴിയാണ്. അത് സ്നേഹത്തിന്റെ വഴിയാണ്.

### പഠനസഹായികൾ

* ഗാന്ധിജി, മദർ തെരേസ, സി. റാണി മരിയ എന്നിവരുടെ പ്രവർത്തനങ്ങളുടെ വിവരണം
* മുനമ്പം പ്രശ്നത്തിൽ സഭ സ്വീകരിക്കുന്ന നിലപാട്
* ജയിൽ മിനിസ്റ്ററി പ്രവർത്തനങ്ങൾ
* ചിത്രങ്ങൾ - ഫാ. ഡാമിയൻ, ആർച്ചുബിഷപ്പ് റൊമേരോ, ഏബ്രഹാം ലിങ്കൺ
* വചനം - ഉത്പ. 3:12; 4:8-10; 12:1-4; പുറ. 3:7-8

### പാഠത്തിന്റെ ഉള്ളടക്കം

* തന്നോടു കൂടി ആയിരിക്കുവാൻ ദൈവം സൃഷ്ടിച്ച മനുഷ്യൻ പാപം ചെയ്ത് ദൈവത്തിൽനിന്നും അകന്നു.
* ദൈവം നൽകിയ സ്വാതന്ത്ര്യം ദുരുപയോഗിച്ച് മനുഷ്യൻ പാപത്തിന്റെ അടിമയായി
* ദൈവവുമായും തമ്മിൽ തമ്മിലും മനുഷ്യൻ അകന്നു.
* തന്നിൽനിന്നും അകന്ന മനുഷ്യനെ ദൈവം അബ്രാഹത്തിലൂടെ തിരികെ വിളിച്ചു.
* ദൈവകല്പന അനുസരിച്ച് അബ്രാഹം പലസ്തീനായിൽ പാർക്കുന്നു. ക്ഷാമം വന്നപ്പോൾ അബ്രാഹവും പുത്രന്മാരും ഈജിപ്തിലേക്ക് കുടിയേറുന്നു.
* ഈജിപ്തിൽ അവർ ഒരു വലിയ ശക്തിയാകുമെന്ന് കണ്ട് അവരെ ഈജിപ്തുകാർ അടിമകളാക്കുന്നു.
* ദൈവം മോശവഴി വീണ്ടും അവരെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു.
* മരുഭൂമിയിലെ ക്ലേശങ്ങളിൽ ഇസ്രായേൽ തകർന്നപ്പോൾ വിമോചകനായി ദൈവം കൂടെനിന്നു.
* ഒരു ഉടമ്പടിയിലൂടെ ദൈവം അവരെ സ്വന്തം ജനമാക്കി.
* കാലാന്തരത്തിൽ അവരെ നയിച്ചവർ സ്വാർത്ഥരും, വിഗ്രഹാരാധകരും സനാതന സത്യധർമ്മങ്ങൾ മറന്നവരുമായി പാപത്തിന് അടിമകളായി അധഃപതിച്ചു.

## പ്രാർത്ഥന

സമഗ്രവിമോചകനായ യേശുവേ, ദൈവവചനത്തിലൂടെ നിന്റെ വഴികൾ ഗ്രഹിക്കുവാനും, അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. പഴയനിയമത്തിലെ ദൈവം മോചകനായ ദൈവമാണ്. സമർത്ഥിക്കുക
2. ഗാന്ധിജിയുടെയും മദർ തെരേസയുടെയും പ്രവർത്തനമേഖലകൾ താരതമ്യം ചെയ്യുക
3. കാനാൻ ദേശത്തേക്കുള്ള ഇസ്രായേൽ ജനത്തിന്റെ ക്ലേശപൂർണമായ യാത്രയിൽ ദൈവം ഏത് വിധത്തിലാണ് മോചകനായത്?
4. മനുഷ്യവിമോചനത്തിനായി പ്രവർത്തിച്ച അഞ്ചു വ്യക്തികളുടെ പേരെഴുതുക.
5. നാം ക്രിസ്തുശിഷ്യരായി മാറുന്നത് എപ്പോഴാണ്?

# STD - VII

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത്   യേശു സമഗ്രവിമോചകൻ   ഭാഗം - രണ്ട്

### ലക്ഷ്യം

മോചകനായ ദൈവത്തിന്റെ സ്നേഹം, എന്നും നിലനിൽക്കുന്നതാണ്. അവിടത്തെ വഴികൾ എന്നും നമ്മുടെ നന്മയ്ക്കുവേണ്ടിയുള്ളതാണ്. സർവജനങ്ങളുടെയും സമഗ്രവിമോചനത്തിനായി ദൈവം തന്റെ ഏകപുത്രനായ യേശുവിനെ ഭൂമിയിലേക്കയച്ചു. യേശു തന്റെ സ്നേഹം കൊണ്ട് മോചനത്തിന്റെ വഴി കാണിച്ചുതന്നു. മനുഷ്യന്റെ സമഗ്രവളർച്ചയാണ് വിമോചനം.

ദൈവത്തിന്റെ ജീവനും സ്നേഹവും നല്കി സൃഷ്ടിക്കപ്പെട്ട ഞങ്ങൾ, സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെയും വേദനയനുഭവിക്കുന്നവരെയും കരുതുകയും സഹായിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ചിത്രം - നസ്രത്തിലെ സിനഗോഗിൽ വചനം വായിക്കുന്ന യേശുവിന്റെ (യൂ-ട്യൂബ്)
* വചനം - ലൂക്കാ. 4:18-19, ലൂക്കാ. 2:46-47
* വീഡിയോ - രോഗശാന്തിയും, പാപമോചനവും, മരിച്ചവരെ ഉയിർപ്പിക്കുന്നതും, പിശാചിനെ ബഹിഷ്ക്കരിക്കുന്നതും - യേശുവിന്റെ രക്ഷാകരദൗത്യത്തിന്റെ യൂ-ട്യൂബ് ക്ലിപ്പിംഗ്.

### പാഠത്തിന്റെ ഉള്ളടക്കം

* കാലത്തിന്റെ പൂർണ്ണതയിൽ സർവജനത്തിന്റെയും സമഗ്രവിമോചനത്തിനായി ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയച്ചു.
* പിറക്കാനിടം നിഷേധിക്കപ്പെട്ട യേശു എല്ലാവർക്കും കിടക്കാനിടമുണ്ടാകുന്ന കാലം സ്വപ്നം കണ്ടു.
* സമൂഹം തള്ളിക്കളഞ്ഞവരോട് യേശു സുവിശേഷം പ്രസംഗിച്ചു.
* രോഗികൾക്ക് സൗഖ്യം, അന്ധർക്ക് കാഴ്ച, ചെകിടർക്ക് കേൾവി, പിശാചുബാധിതരെ മോചിപ്പിച്ചു. മരിച്ചവരെ ഉയർപ്പിച്ചു.
* പാപികളെ മാനസാന്തരത്തിലേക്ക് നയിച്ചു.
* മനുഷ്യരുടെ കണ്ണീരിലൂടെ വചനം വായിച്ച യേശു ഒരു പുതിയ യുഗം പ്രഖ്യാപിക്കുകയായിരുന്നു.
* യേശുവിന്റെ വിമോചനദൗത്യത്തിന്റെ പൂർണ്ണതയാൽ രക്തം ചിന്തി കാൽവരി യാഗ

ത്തിലൂടെ പാപത്തിന്റെ ബന്ധനത്തിൽനിന്നും മനുഷ്യനെ മോചിപ്പിച്ചു.

* നാം അവിടുത്തെ വിമോചനദൗത്യം തുടരണം
* സ്വയം മോചനം നേടുക, മറ്റുള്ളവർക്ക് സഹായമാകുക
* രോഗാവസ്ഥയിൽ, അനാഥരിൽ, അറിവില്ലാത്തവരിൽ, അനീതി അനുഭവിക്കുന്നവരിൽ, അവഗണിക്കപ്പെടുന്നവരിൽ, വിശക്കുന്നവരിൽ ക്രിസ്തുവിനെ കാണാനും ക്രിസ്തുമാതൃകയിൽ പ്രവർത്തിക്കാനും നമുക്കും കഴിയണം.
* സമഗ്ര വിമോചനത്തിന് തടസം നിൽക്കുന്നവയെ തിരിച്ചറിയാനും പിഴുതെറിയാനും വേണ്ട ധൈര്യം യേശുവിൽനിന്നും ആർജിക്കണം.
* മനുഷ്യന്റെ സമഗ്രവളർച്ചയാണ് വിമോചനം അതിലൂടെയാണ് ദൈവരാജ്യം സാധ്യമാകുക.

## പ്രാർത്ഥന

സമഗ്രവിമോചകനായ യേശുവേ ദൈവവചനത്തിലൂടെ നിന്റെ വഴികൾ ഗ്രഹിക്കുവാനും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. സ്വയം മോചിതരാകുവാനും മറ്റുള്ളവർക്ക് മോചനമാകുവാനും ഞങ്ങളെ യോഗ്യരാക്കണമേ.

## ചോദ്യങ്ങൾ

1. വിമോചനദൗത്യം – യേശുവിന്റെ പ്രവൃത്തികൾ വിവരിക്കുക
2. ഈ തിരുവെഴുത്ത് ഇപ്പോൾ ഇവിടെ നിറവേറിയിരിക്കുന്നു – തിരുവെഴുത്തുമായി യേശുവിനുള്ള ബന്ധം എന്തായിരുന്നു?
3. പാഠത്തിലെ അവസാനഭാഗം (പേജ് 84) 4 ഭാഗങ്ങളാക്കി, ഗ്രൂപ്പുകളായി തിരിഞ്ഞ് ആശയം രൂപീകരിച്ചെഴുതുക.
4. 'വിമോചനം' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? എങ്ങനെയാണ് ദൈവരാജ്യം സാധ്യമാകുക.
5. യേശുവിന്റെ ദൈവരാജ്യത്തിന്റെ ഇന്നത്തെ പ്രചാരകർ ആകുവാൻ നാം എന്തുചെയ്യണം?